

യുവസ്വരാജ് സോഷ്യൽ വെൽഫെയർ ഫോറത്തിന്റെ സഹകരണത്തോടെ കുനിശ്ശേരി എസ്ആർയുപി സ്കൂളിൽ നടത്തിയ ലഹരി വിരുദ്ധ ബോധവൽക്കരണം ആലത്തൂർ എസ്ഐ അനീഷ് ഉദ്ഘാടനം ചെയ്യുന്നു

# ലഹരിക്കെതിരെ ബോധവൽക്കരണവുമായി എസ്ആർയുപി സ്കൂൾ

ആലത്തൂർ • ലഹരിക്കെതിരെ ബോധവൽക്കരണവുമായി കുനിശ്ശേരി എസ്ആർയുപി സ്കൂൾ. മലയാള മനോരമ നല്ലപാഠം പദ്ധതിയുടെ ഭാഗമായി യുവസ്വരാജ് സോഷ്യൽ വെൽഫയർ ഫോറത്തിന്റെ സഹകരണത്തോടെയാണു രക്ഷിതാക്കൾക്കും പൊതുജനങ്ങൾക്കുമായി ബോധവൽക്കരണം നടത്തിയത്. ആലത്തൂർ എസ്ഐ അനീഷ് ഉദ്ഘാടനം ചെയ്തു.

നല്ല പാഠം
കുട്ടികൾ പുഞ്ചിരിക്കുന്ന കേരളം

പിടിഎ പ്രസിഡന്റ് സുരേഷ് അധ്യക്ഷനായി. എക്സൈസ് ഉദ്യോഗസ്ഥൻ രാധാകൃഷ്ണ പിള്ള ക്ലാസ് നയിച്ചു. സ്കൂൾ മാനേജർ കെ.എ. സീതാരാമൻ, യുവസ്വരാജ് പ്രസിഡന്റ് ഇക്ബാൽ കുനിശ്ശേരി, ബാലകൃഷ്ണൻ, എ.മണി, സ്വർണലത എന്നിവർ പ്രസംഗിച്ചു.